കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃപ്പൂണിത്തുറ നഗരസഭ- എരൂർ റെയിൽവേ മേൽപ്പാലനിർമ്മാണത്തിനുവേണ്ടി സ്ഥലമെടുത്തപ്പോൾ ഒഴിപ്പിക്കപ്പെട്ടവർക്ക് പുനരധിവാസ പദ്ധതിപ്രകാരം 8.50 ലക്ഷം രൂപ നല്കിയ തൃപ്പൂണിത്തുറ നഗരസഭയുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ)നം. 3438/2014/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം: 23.12.2014

പരാമർശം :
1. എറണാകുളം ജില്ലാ കളക്ടറുടെ 08/11/2013 തീയതിയിലെ സി2- 56510/2013 നമ്പരിലുള്ള കത്ത്
2. 23/09/2014 തീയതിയിലെ തൃപ്പൂണിത്തുറ നഗരസഭാ കൗൺസിലിന്റെ 17-ാം നമ്പർ തീരുമാനം
3. തൃപ്പൂണിത്തുറ നഗരസഭാ സെക്രട്ടറിയുടെ 25/10/2014 തീയതിയിലെ പി.എച്ച് -10423/14 നമ്പരിലുള്ള കത്ത്

**ഉത്തരവ്**

എരൂർ റെയിൽവേ മേൽപ്പാലനിർമ്മാണത്തിനു വേണ്ടി സ്ഥലമെടുത്തപ്പോൾ ഒഴിപ്പിക്കപ്പെട്ട 5 വ്യപാരികൾക്കായി പുനരധിവാസപദ്ധതിപ്രകാരം 8.5 ലക്ഷം രൂപ നല്കാൻ സൂചന (2) പ്രകാരം തൃപ്പൂണിത്തുറ നഗരസഭ കൗൺസിൽ തീരുമാനിക്കുകയും സൂചന (3) പ്രകാരം ധനസഹായം നല്കിയ നടപടി സാധൂകരിച്ച് നല്കാൻ സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. എരൂർ റെയിൽവേ മേൽപ്പാലനിർമ്മാണത്തിനു വേണ്ടി സ്ഥലമെടുത്തപ്പോൾ ഒഴിപ്പിക്കപ്പെട്ട 5 വ്യപാരികൾക്കായി പുനരധിവാസപദ്ധതിപ്രകാരം 8.5 ലക്ഷം രൂപ ധനസഹായം നല്കിയ തൃപ്പൂണിത്തുറ നഗരസഭയുടെ നടപടി സാധൂകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

എ.പി.എം.മൊഹമ്മദ് ഹനീഷ്
സെക്രട്ടറി (നഗരകാര്യം)

സെക്രട്ടറി, തൃപ്പൂണിത്തുറ നഗരസഭ, എറണാകുളം ജില്ല.
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
സ്പെഷ്യൽ തഹസീൽദാർ (LA) റെയിൽവേസ്, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ(എ &ഇ)/(LBA&A), കേരള , തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ